(ബി) പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ, മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്താണ് നിർവ്വഹിക്കേണ്ടത്.

കുന്ദമംഗലം പി. എച്ച്. സി.-യിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ്

109 [3161] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പി.എച്ച്.സി.-യിൽ ഡോക്ടർമാർക്കു വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഡോക്ടർമാർക്കു വേണ്ടി ക്വാർട്ടേഴ്സ് പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇതിനുവേണ്ടി സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ഡി) കുന്ദമംഗലം പി. എച്ച്. സി.-യിൽ ക്വാർട്ടേഴ്സ് നിർമ്മാണം എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കുന്ദമംഗലം പി. എച്ച്. സി.-യിലെ ഡോക്ടർമാർക്കുവേണ്ടിയുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2005-2006 സാമ്പത്തിക വർഷാവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുന്ദമംഗലം പി. എച്ച്. സി. അപ്ഗ്രേഡ് ചെയ്യാൻ നടപടി

110 [3162] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പി. എച്ച്. സി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും നടപടി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പി. എച്ച്. സി. അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പി. എച്ച്. സി. എന്നത്തേക്ക് അപ്ഗ്രേഡ് ചെയ്ത് സി. എച്ച്. സി. ആയി പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നത് കുന്ദമംഗലം കമ്മ്യൂണിറ്റി ബ്ലോക്കിലാണ്. അതിനാൽ ആ ബ്ലോക്കിൽതന്നെ സ്ഥിതി ചെയ്യുന്ന കുന്ദമംഗലം പി. എച്ച്. സി.-യെ കൂടി സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

ചെറൂപ്പ ഹെൽത്ത് സെന്ററിൽ ഐ. പി. വാർഡ് ആരംഭിക്കാൻ നടപടി

111 [3163] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ സബ്സെന്റർ ആയ മാവൂർ-ചെറൂപ്പ ഹെൽത്ത് സെന്ററിൽ ഐ. പി. വാർഡ് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. പി. ആരംഭിക്കണമെന്നഭ്യർത്ഥിച്ച് ഒട്ടേറെ സമരങ്ങൾ നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുജനാഭിപ്രായം മാനിച്ച് ഇവിടെ ഐ. പി. വാർഡ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതെന്നുമുതൽ നടപ്പിലാവുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) പ്രവർത്തനം മുടങ്ങിക്കിടന്നിരുന്ന ഐ.പി. വാർഡ് 1-1-2005 മുതൽ പുനരാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly